കേരള ഡാം സേഫ്റ്റി അതോറിറ്റിയുടെ പരിശോധന

6 (*636) ശ്രീ. ജോസ് തെറ്റയിൽ :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഡാം സേഫ്റ്റി അതോറിറ്റി പറമ്പിക്കുളം, തൂണക്കടവ്, പെരുവാരിപ്പള്ളം ഡാമുകൾ 12-5-2014 മുതൽ 14-5-2014 വരെയുള്ള തീയതികളിൽ പരിശോധിക്കുവാൻ ശ്രമിച്ചിരുന്നോയെന്നറിയിക്കുമോ ;

(ബി) പ്രസ്തുത പരിശോധനയോട് തമിഴ്നാട് സർക്കാർ എങ്ങനെയാണ് പ്രതികരിച്ചതെന്ന് അറിയിക്കുമോ ;

(സി) പരിശോധന നടത്താൻ വിസമ്മതം അറിയിച്ചുകൊണ്ട് തമിഴ്നാട് സർക്കാർ എന്തൊക്കെ കാരണങ്ങളാണ് ഉന്നയിച്ചത് എന്നറിയിക്കുമോ ;

(ഡി) ഇപ്രകാരം വിസമ്മതം അറിയിച്ചത് എന്നാണ് ; ഇക്കാര്യത്തിൽ എന്തൊക്കെ തുടർനടപടികൾ ഏതൊക്കെ തീയതികളിലായി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) കേരള ഡാം സുരക്ഷ അതോറിറ്റിയുടെ 29-4-2014-ൽ ചേർന്ന 37-ാമതു യോഗത്തിൽ പറമ്പിക്കുളം, പെരുവാരിപ്പള്ളം, തൂണക്കടവ് എന്നീ അണക്കെട്ടുകളിൽ 12-5-2014, 13-5-2014, 14-5-2014 എന്നീ തീയതികളിൽ പരിശോധന നടത്തുവാൻ തീരുമാനിച്ചിരുന്നു.

(ബി) കേരള ഡാം സുരക്ഷ അതോറിറ്റിയുടെ പ്രസ്തുത പരിശോധനയുടെ ആവശ്യമില്ലായെന്നുള്ള നിലപാടാണ് തമിഴ്നാട് സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

(സി) പറമ്പിക്കുളം, പെരുവാരിപ്പള്ളം, തൂണക്കടവ് എന്നീ മൂന്ന് അണക്കെട്ടുകളും തമിഴ്നാട് സർക്കാരിന്റെ ഉടമസ്ഥതയിലും നടത്തിപ്പിലും പരിപാലനത്തിലും ഉള്ളതാണെന്നും പ്രസ്തുത അണക്കെട്ടുകൾ കൃത്യമായി നല്ല രീതിയിൽ പരിപാലിക്കപ്പെടുന്നുണ്ടെന്നും അവ പ്രവർത്തനക്ഷമമാണെന്നും തമിഴ്നാട് ഡാം സേഫ്റ്റി ഡയറക്ടറേറ്റ് പ്രസ്തുത അണക്കെട്ടുകൾ കാലാകാലങ്ങളിൽ പരിശോധിച്ച് അവ സുരക്ഷിതമാണെന്ന് കണ്ടെത്തിയിട്ടുണ്ടെന്നും തമിഴ്നാട് സർക്കാരിൽനിന്നും ലഭിച്ച കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. അണക്കെട്ടുകൾ സുരക്ഷിതമാണെന്ന് കണ്ടെത്തിയിട്ടുള്ളതിനാൽ കേരള ഡാം സുരക്ഷ അതോറിറ്റി പ്രസ്തുത മൂന്ന് അണക്കെട്ടുകളിലും പരിശോധന നടത്തേണ്ടുന്ന ആവശ്യമില്ല എന്നുള്ള നിലപാടാണ് തമിഴ്നാട് സർക്കാർ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മുല്ലപ്പെരിയാർ(പെരിയാർ), പറമ്പിക്കുളം, പെരുവാരിപ്പള്ളം, തുണക്കടവ് എന്നീ നാല് ഡാമുകളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് തമിഴ്നാട് ഉയർത്തിയിട്ടുള്ള വാദഗതികൾ നിയമാനുസരണം നിലനിൽക്കുന്നതല്ലെന്നും; പ്രസ്തുത വാദഗതികൾ ശരിയല്ലെന്നും സൂചിപ്പിച്ചുകൊണ്ട് ചീഫ് എഞ്ചിനീയർതലത്തിലും സർക്കാർതലത്തിലും കേന്ദ്രജലകമ്മീഷന് യഥാക്രമം 17-2-2014, 22-2-2014 എന്നീ തീയതികളിൽ കത്തുകൾ അയച്ചിട്ടുണ്ട്. തമിഴ്നാട് സർക്കാരിന്റെ 7-5-2014-ലെ 10724/ISW1/2014-1 നമ്പർ കത്ത് പ്രകാരമാണ് പരിശോധനയ്ക്കുള്ള വിസമ്മതം അറിയിച്ചിട്ടുള്ളത്. പ്രസ്തുത കത്ത് 9-5-2014-ൽ സർക്കാരിൽ ലഭിക്കുകയും സർക്കാരിന്റെ 16-5-2014ലെ 10388/ ISWC1/14/WRD നമ്പർ കത്ത് പ്രകാരം ആവശ്യമായ നടപടികൾക്കായി കേരള ഡാം സുരക്ഷ അതോറിറ്റിക്ക് അയച്ചുകൊടുക്കുകയുമുണ്ടായി. ഇതേത്തുടർന്ന് 28-5-2014-ൽ ചേർന്ന കേരള ഡാം സുരക്ഷ അതോറിറ്റിയുടെ 38-ാമത്തെ യോഗത്തിൽ തമിഴ്നാട് സർക്കാരിൽനിന്നും ലഭിച്ച കത്തിലെ പരാമർശങ്ങൾ വിശദമായി ചർച്ച ചെയ്യുകയും പറമ്പിക്കുളം ആളിയാർ കരാറിന്റെയും നിലവിലുള്ള കോടതി കേസ്സുകളുടെയും പശ്ചാത്തലത്തിൽ ഇക്കാര്യത്തിലുള്ള നിയമവശങ്ങൾ പരിശോധിക്കുന്നതിന് കേരള ഡാം സേഫ്റ്റി അതോറിറ്റിയുടെ ചെയർമാൻ റിട്ട. ജസ്റ്റിസ് സി.എൻ. രാമചന്ദ്രൻ നായരെ ചുമതലപ്പെടുത്തുകയുണ്ടായി. കൂടാതെ സർക്കാർതലത്തിലും ഇക്കാര്യത്തിലുള്ള തമിഴ്നാടിന്റെ നിലപാടിന്റെ നിയമസാധുത പരിശോധിക്കുവാൻ നിയമവകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

അയിത്താചരണം

7 (* 637) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. എസ്. ശർമ്മ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പല ക്ഷേത്രങ്ങളിലും അയിത്താചരണം നില നിൽക്കുന്നുണ്ടെന്ന മനുഷ്യാവകാശ കമ്മീഷന്റെ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ വിശദമായ അന്വേഷണം നടത്തിയിരുന്നോ ; എന്തായിരുന്നു റിപ്പോർട്ട് എന്ന് അറിയിക്കാമോ ;

(ബി) അയിത്താചരണം നടത്തുന്നവരെ മാതൃകാപരമായി ശിക്ഷിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ&ബി) കേരളത്തിലെ ഒരു ക്ഷേത്രത്തിലും അയിത്താചരണം നില നിൽക്കുന്നില്ല. എന്നാൽ മലബാർ ദേവസ്വം ബോർഡിന് കീഴിൽ

LIBRARY ARCHIVES Kerala Legislative Assembly